## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3640 20.06.2019 - ൽ മറുപടിയ്ക്ക്

### ഗുണനിലവാരമില്ലാത്ത മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത മരുന്നുകളിൽ ചിലതിന് നിലവാരമില്ല എന്ന കാരണത്താൽ അവയുടെ തുടർവിതരണം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) 2018-19 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികളിൽ വിതരണത്തിന് എത്തിച്ച മരുന്നുകളിൽ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടതിനെത്തുടർന്ന് താഴെപ്പറയുന്ന മരുന്നുകളുടെ തുടർ വിതരണം നിർത്തിവച്ചിട്ടുണ്ട്. |

| Sl. No | Drug Name | Complaint from | Status |
|---|---|---|---|
| 1 | OMEPRAZOLE (GASTRO RESISTANT) CAP IP 20mg 1 No | The Medical Officer, PHC, Kanjoor, Ernakulam | Not of Standard Quality |
| 2 | DISPOSABLE NEEDLE 23G x 1" 1 No | The Senior Medical Officer, Regional Public Health Laboratory, Kozhikode | Not of Standard Quality |
| 3 | DISPOSABLE NEEDLE 23G x 1" 1 No | The Superintendent, District Hospital, Nedumangad, Thiruvananthapuram | Not of Standard Quality |
| 4 | METOPROLOL TAB IP 50 MG 1 No | The Superintendent, Govt. Medical College Hospital, Kozhikode | Not of Standard Quality |
| 5 | METOPROLOL TAB IP 50 MG 1 No | The Medical Officer in charge, PHC, Arattupuzha, Alappuzha | Not of Standard Quality |
| 6 | METOPROLOL TAB IP 50 MG 1 No | The Medical Officer in charge, PHC, Punnapra, North Alappuzha | Not of Standard Quality |

| | | | |
|---|---|---|---|
| 7 | CALCIUM LEUCOVORIN INJ IP 50mg Vial | The Store Superintendent, Govt. Medical College Hospital, Kottayam | Not of Standard Quality |
| 8 | CALCIUM LEUCOVORIN INJ IP 50mg Vial | The Superintendent, Govt. Medical College Hospital, Kozhikode | Not of Standard Quality |

| | | | |
|---|---|---|---|
| (ബി) | ഇങ്ങനെ നിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്യുവാനുണ്ടായ കാരണം വിശദമാക്കുമോ;<br><br>(സി) ഇതിന് ഉത്തരവാദികളായവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) യും (സി) യും | ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്റ്റ് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച റിപ്പോർട്ട് നല്കേണ്ടതാണ്. കൂടാതെ ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ അംഗീകൃത ലാബ് അല്ലെങ്കിൽ കേന്ദ്രമരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും നല്കേണ്ടതാണ്. മേൽ വിവരിച്ച പരിശോധനാഫലങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മപരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തി വരുന്നത്. മരുന്നുകൾക്ക് കാലക്രമത്തിൽ ഗുണനിലവാരം കുറയാറുണ്ട്. നിലവാരം കുറഞ്ഞ മരുന്നുകൾ ആശുപത്രികളിൽ വിതരണത്തിന് എത്തിയതിനു കാരണമായേക്കാവുന്ന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്<br>1. മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരത്തിൽ ഉള്ള ഏറ്റക്കുറച്ചിലുകൾ<br>2. നിർമാതാക്കൾ മരുന്നുകൾ അശാസ്ത്രീയമായി ട്രാൻസ്പോർട്ട് ചെയ്യുന്നത്<br>3. പാക്കിംഗ് മെറ്റീരിയലുകളുടെ ഗുണമേന്മയിലുള്ള ഏറ്റക്കുറച്ചിലുകൾ<br><br>ഇപ്രകാരം മരുന്നുകളുടെ ഗുണനിലവാരം കുറയുന്നത് നിർമാതാക്കളുടെ ഉത്തരവാദിത്തം ആണ്. ആയതിനാൽ വിതരണത്തിനു ശേഷം ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ ഉല്പാദകർക്കെതിരെ ടെൻഡർ വ്യവസ്ഥകൾ പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ആഫീസർ